ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ബുദ്ധിമുട്ട് ആ പ്രദേശത്തുണ്ട്. അതിന് പരിഹാരം കാണാനായി പരമാവധി 20 ലക്ഷം രൂപ മതിപ്പുചെലവ് വരുന്ന ഒരു പദ്ധതിക്ക് രൂപം നൽകി പരിശോധിച്ചു വരികയാണ്. അത് വളരെ വേഗം നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(5) പട്ടയം നൽകൽ

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ചാക്കയിൽ 1986-ൽ ഹൗസിംഗ് ബോർഡ് സ്ഥലമെടുത്തപ്പോൾ ഈ സ്ഥലം നഷ്ടപ്പെട്ട ആളുകൾക്ക് 153 പേർക്ക് പകരം ഭൂമിക്ക് പട്ടയം കൊടുത്തു. അവരിൽ പലരും വള്ളക്കടവ് പ്രിയദർശിനി നഗറിലുള്ളവരാണ്. ആ കൊടുത്ത പട്ടയമെല്ലാം മടക്കി വാങ്ങി. ഇപ്പോൾ അവിടെ 73 കുടുംബങ്ങൾക്ക് പട്ടയം കൊടുക്കാനുണ്ട്. ദീർഘകാലമായി അവിടെ താമസിക്കുന്ന ആളുകളാണിവർ. ഈ 73 കുടുംബങ്ങൾക്ക് പട്ടയം കൊടുക്കുന്നതിനും 153 കുടുംബങ്ങൾക്ക് പട്ടയം കൊടുത്തത് മടക്കി വാങ്ങിയതു തിരിച്ചു കൊടുക്കാനും നടപടി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ വള്ളക്കടവ് പ്രിയദർശിനി നഗറിൽ സ്ഥിരതാമസമാക്കിയിട്ടുള്ള 73 കുടുംബങ്ങളിൽ 5 കുടുംബങ്ങളൊഴിച്ച് ബാക്കിയുള്ളവർക്ക് പട്ടയം നൽകിയിട്ടുണ്ട്. 5 കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള നടപടി തുടർന്നു വരുന്നു. ആ നടപടികളും പൂർത്തിയാകുന്ന മുറയ്ക്ക് അവർക്കും പട്ടയം നൽകുന്നതാണ്. സ്വീവേജ് ഫാമിന്റെ വടക്കേ മതിലിനു പുറത്ത് റോഡരികിലും കിഴക്കേ മതിലിനു പുറകിൽ ആറുവരമ്പിലുമായി 153 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പതിവിനു വിധേയമല്ലാത്ത സ്ഥലത്തായതിനാലാണ് അവരുടെ പട്ടയം മടക്കി വാങ്ങിയത്. ഇവരെ മുട്ടത്തറ വില്ലേജിൽ സർവ്വെ നമ്പർ 2615-ൽ പുനരധിവസിപ്പിക്കാനുള്ള നടപടി തുടരുകയാണ്. ഒരു സിവിൽ കേസ് നിലവിലുള്ളതുകൊണ്ടാണ് കാലതാമസമുണ്ടാകുന്നത്. ആ സിവിൽ കേസ് തീരുന്ന മുറയ്ക്ക് 153 കുടുംബങ്ങൾക്കും പട്ടയം നൽകുന്നതാണ്.

(6) മഞ്ചേശ്വരം 110 കെ. വി. സബ്സ്റ്റേഷന്റെ പണി

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, മഞ്ചേശ്വരത്ത് ഒരു 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ കഴിഞ്ഞ രണ്ടു വർഷമായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നതാണ്. അവിടെ സ്ഥലം ഏറ്റെടുപ്പ് നടപടി തുടർന്നുവരുന്നു എന്ന് ഇവിടെ പറയുന്നുണ്ട്. കഴിഞ്ഞ ഡിസംബർ മാസം മുതൽ ഈ സർക്കാർ സ്ഥലം കൈമാറുന്നത് സംബന്ധിച്ച ഫയൽ മന്ത്രിസഭയുടെ പരിഗണനയിലാണെന്നാണ് അറിയാൻ കഴിഞ്ഞത്. അടിയന്തിരമായി അവിടെ സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും 110 കെ. വി. സബ്സ്റ്റേഷൻ ഉടനെ സ്ഥാപിക്കുന്നതിനും ആവശ്യമായ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly